# തവളകളുടെ പാട്ട്

**ഖലീൽ ജിബ്രാൻ**

മൊഴിമാറ്റം: **ആർ. രാധാകൃഷ്ണൻ**



ഒരു ദിവസം തവള കൂട്ടുകാരനോട് പറഞ്ഞു: ''ഈ കായൽക്കരയിലെ വീടുകളിൽ താമസിക്കുന്നവർക്ക് നമ്മുടെ പാട്ട് ശല്യമാവുന്നുണ്ടെന്ന് ഞാൻ ഭയക്കുന്നു.''

''അവർ നമ്മുടെ ശാന്തതയെ ഉച്ചത്തിൽ സംസാരിച്ചുകൊണ്ട് ശല്യപ്പെടുത്തുന്നതോ?'' കൂട്ടുകാരൻ ചോദിച്ചു.

തവള വീണ്ടും പറഞ്ഞു: ''നമ്മൾ രാത്രി മുഴുവൻ പാട്ടുപാടുകയാണെന്ന കാര്യം മറക്കണ്ട.''

''പകൽ മുഴുവൻ അവർ ഉച്ചത്തിൽ സംസാരിച്ചു കഴിയുകയാണെന്ന കാര്യവും മറക്കേണ്ട.'' കൂട്ടുകാരൻ വിട്ടുകൊടുത്തില്ല.

''ആ പോക്കാച്ചിത്തവള അയൽവാസികളെ മുഴുവൻ തന്റെ മുഴങ്ങുന്ന ശബ്ദത്തിൽ ശല്യം ചെയ്യുന്നതോ?'' തവള ചോദിച്ചു.

''കായൽ തീരത്ത് വന്ന് ശബ്ദകോലാഹലങ്ങൾ സൃഷ്ടിക്കുന്ന കഴമ്പില്ലാത്ത രാഷ്ട്രീയക്കാരനെയും പുരോഹിതനെയും കുറിച്ച് നീ എന്തു പറയുന്നു?'' കൂട്ടുകാരൻ മറു ചോദ്യം ചോദിച്ചു.

തവള പറഞ്ഞു: ''ശരി, നമുക്ക് മനുഷ്യരെക്കാൾ മെച്ചപ്പെട്ടവരാകാം. ഇനി നമുക്ക് രാത്രിയിൽ നിശ്ശബ്ദരാകാം. നമ്മുടെ പാട്ടുകൾ ഹൃദയത്തിൽ സൂക്ഷിക്കാം. നമുക്ക് ചുരുങ്ങിയത് രണ്ടോ മൂന്നോ രാത്രികളിൽ നിശ്ശബ്ദരായിരിക്കാം.''

▸▸ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യ വനിതാ പ്രസിഡന്റ്– ആനി ബസന്റ്



## എപ്പിഫൈറ്റുകൾ

വസിക്കാനായി മാത്രം മറ്റ് മരങ്ങളെ ആശ്രയിക്കുന്ന സസ്യങ്ങളാണ് എപ്പിഫൈറ്റുകൾ. ഉദാഹരണം മരവാഴ.

''ശരി, ഞാൻ സമ്മതിച്ചു.'' കൂട്ടുകാരൻ പറഞ്ഞു. ആ രാത്രിയിലും അടുത്ത രണ്ടു രാത്രികളിലും തവളകൾ നിശ്ശബ്ദരായിരുന്നു.

വിചിത്രമെന്ന് പറയട്ടെ, കായലിന് സമീപം താമസിച്ചിരുന്ന വായാടിയായ ഒരു സ്ത്രീ പ്രഭാത ഭക്ഷണത്തിനിടെ ഭർത്താവിനോട് ആക്രോശിച്ചു.

''ഞാൻ മൂന്ന് ദിവസമായി ഉറങ്ങിയിട്ട്, രാത്രിയിൽ ആ തവളകളുടെ ശബ്ദം കേട്ടു കൊണ്ടാണ് ഞാൻ സുഖമായി ഉറങ്ങിയിരുന്നത്. അവയ്ക്കെന്തോ സംഭവിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് രാത്രികളിലായി അവ പാടുന്നില്ല. ഞാൻ ഉറക്കം നഷ്ടപ്പെട്ട് ഒരു ഭ്രാന്തിയായിത്തീർന്നിരിക്കുകയാണ്.''

തവള ഇതുകേട്ട് കൂട്ടുകാരനോട് പറഞ്ഞു: ''മിക്കവാറും നമ്മളെയും ഈ നിശ്ശബ്ദത ഭ്രാന്തരാക്കിയില്ലേ..?''

കൂട്ടുകാരൻ പറഞ്ഞു: ''ശരിയാണ്... രാത്രിയിലെ നിശ്ശബ്ദത ഒരു ഭാരമായി അനുഭവപ്പെടുന്നു. സ്വന്തം ശബ്ദ കോലാഹലങ്ങൾ കൊണ്ട് ശൂന്യതയെ നിറയ്ക്കാനാഗ്രഹിക്കുന്നവർക്കു വേണ്ടി അവരുടെ സൗകര്യത്തിനായി നമ്മൾ പാട്ടു നിർത്തേണ്ട ആവശ്യമില്ല.''

ഇത്രയും പറഞ്ഞ് ചന്ദ്രനും നക്ഷത്രങ്ങളും നിറഞ്ഞ രാത്രിയിൽ അവർ താളാത്മകമായി പാട്ട് തുടർന്നു.

✦



▸▸ കേരളത്തിൽ ഉപ്പുസത്യഗ്രഹത്തിന് നേതൃത്വം കൊടുത്തതാര്– കെ. കേളപ്പൻ